## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം.

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 714 — 14/7/2014 ൽ മറുപടിയ്ക്ക്

# റബർ കർഷകർ നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങൾ

**ചോദ്യം**

ശ്രീ. ജോസ് തെറ്റയിൽ
'' സി. കെ. നാണു
ശ്രീമതി. ജമീലാ പ്രകാശം
ശ്രീ. മാത്യു.റ്റി. തോമസ്

(എ) കേരളത്തിലെ റബ്ബർ കർഷകർ നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങൾ സംസ്ഥാന സർക്കാർ പഠനവിധേയമാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ഇറക്കുമതി ചുങ്കം കുറച്ചും അവധി വ്യാപാരം നടത്തിയും റബ്ബറിന് വിലയിടിവ് സൃഷ്ടിച്ചതിനെതിരെ സർക്കാർ തലത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

**ഉത്തരം**

**ശ്രീ. കെ.പി. മോഹനൻ**
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി)

(എ) & (ബി) കേരളത്തിലെ റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ സംസ്ഥാന സർക്കാർ പഠനവിധേയമാക്കിയിട്ടില്ല. എന്നാൽ റബ്ബറിനുണ്ടാകുന്ന വിലയിടിവ് സംസ്ഥാനസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്നുണ്ട്.

(സി) അന്താരാഷ്ട്ര വിലയിലുണ്ടായ വിലയിടിവും, ഇന്ത്യയിലെ കുറഞ്ഞ ഇറക്കുമതി തീരുവയും കാരണം രാജ്യത്ത് റബ്ബർ ഇറക്കുമതി വർദ്ധിക്കുകയും റബ്ബറിന് വിലയിടിവ് നേരിടുകയും ചെയ്തിട്ടുണ്ട്.

റബ്ബർ വിലയിടിവ് നേരിടുവാൻ കേന്ദ്രസർക്കാരിന്റെ ഇടപെടൽ ആവശ്യമാണെന്ന് ബോദ്ധ്യപ്പെട്ടതിനാൽ റബ്ബറിന്റെ ഇറക്കുമതിക്ക് മുമ്പുണ്ടായിരുന്ന തുറമുഖ നിയന്ത്രണങ്ങൾ പുനഃസ്ഥാപിക്കുക, സ്വാഭാവിക റബ്ബറിന്റെ എല്ലാ ഗ്രേഡിലുമുള്ള ഇറക്കുമതി തീരുവ ഇപ്പോൾ ലാറ്റക്സ് തീരുവയായ 70% ത്തിനോടൊപ്പമാക്കി നിജപ്പെടുത്തുക, സ്വാഭാവിക റബ്ബറിന്റെ കയറ്റുമതി പ്രോത്സാഹിപ്പിക്കുവാൻ കയറ്റുമതി സബ്സിഡി ഏർപ്പെടുത്തുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ട് സംസ്ഥാനസർക്കാർ കേന്ദ്ര സർക്കാരിന് പല പ്രാവശ്യം നിവേദനങ്ങൾ നൽകിയിട്ടുണ്ട്.

സംസ്ഥാനസർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടതനുസരിച്ച് കേന്ദ്ര ധനകാര്യ (റവന്യൂ വകുപ്പ്) മന്ത്രാലയത്തിന്റെ നമ്പർ 51/2013 കസ്റ്റംസ്

| | | | |
|---|---|---|---|
| | | | തീയതി 20/12/2013 നോട്ടിഫിക്കേഷൻ പ്രകാരം 2013 ഡിസംബർ 20 മുതൽ റബ്ബറിന്റെ ഇറക്കുമതി തീരുവ 20 ശതമാനമോ 30 രൂപയോ ഏതാണ് കുറവ് ആ നിരക്ക് എന്നാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ഡി) | അങ്ങാടി വിലയിൽ നിന്ന് എത്ര രൂപ കൂട്ടിയാണ് റബ്ബർ സംഭരിക്കുന്നത ; | (ഡി) | റബ്ബർ ബോർഡിന്റെ കോട്ടയം വിപണിയുടെ ദൈനംദിന വിപണി വിലയിൽ നിന്നും കിലോയ്ക്ക് 2 രൂപ കൂടുതൽ നൽകിയാണ് റബ്ബർ സംഭരിക്കുന്നത്. |
| (ഇ) | **സംസ്ഥാന സർക്കാർ നടത്തിയ റബ്ബർ സംഭരണം പ്രസ്തുത മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ പര്യാപ്തമായിട്ടുണ്ടോ; വ്യക്തമാക്കാമോ?** | (ഇ) | റബ്ബർസംഭരണ പദ്ധതിയുടെ ആദ്യഘട്ടം 10000 ടൺ റബ്ബർ സംഭരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. സംഭരണ ലക്ഷ്യം കൈവരിക്കുന്നതോടെ റബ്ബർ വിലയിടിവ് സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പര്യാപ്തമാകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**